# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 243** **13.03.2020-ൽ മറുപടിയ്ക്ക്**

## തുറമുഖത്തു നിന്ന് വിപണിയിലേയ്ക്ക് എന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ<br>,, കെ. ആൻസലൻ<br>,, കെ.ജെ. മാക്സി<br>,, കെ. ദാസൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഇടനിലക്കാരുടെ ചൂഷണം കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്ത് വിപണി ശാക്തീകരണത്തിനായി ചെയ്തു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും, മത്സ്യലേലവും, വിപണനവും നിയന്ത്രിക്കുന്നതിനും, വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുമാറുള്ള നിയമ നിർമ്മാണം സർക്കാർ പരിഗണനയിലാണ്. പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി ഒരു പരിധിവരെ മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഗുണമേൻമയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് മത്സ്യഫെഡ് മുഖാന്തിരം 41 ഫിഷ് മാർട്ടുകൾ ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. ഗുണമേൻമയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ഹാർബറിൽ നിന്നും നേരിട്ട് എത്തിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി 5 അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ മത്സ്യഫെഡ് മുഖേന പ്രവർത്തിച്ചു വരുന്നു.<br><br>ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ശുചിത്വ പൂർണ്ണമായ അന്തരീക്ഷത്തിൽ ലഭ്യമാകുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭിക്കുന്നതിനും സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്ന പദ്ധതി തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരവും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br><br>മത്സ്യ വികസന ബോർഡ് /കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനമൊട്ടാകെ 39 |

ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം ലഭ്യമായിരുന്നു. ഇതിൽ 36 മത്സ്യമാർക്കറ്റുകൾ ഇതിനോടകം പൂർത്തികരിച്ച് പ്രവർത്തനസജ്ജമായിട്ടുണ്ട്. 2 എണ്ണം പൂർത്തീകരണ ഘട്ടത്തിലും ഒരെണ്ണം പുരോഗമിച്ചു വരികയും ചെയ്യുന്നു. ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് ഒട്ടാകെ 65 മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന് 193.47 കോടി രൂപയുടെ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 25 ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കണ്ണനല്ലൂർ മത്സ്യമാർക്കറ്റ് വികസനത്തിനായി 502.00 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ മാർക്കറ്റുകളുടെ ആധുനീകരണത്തിനായി കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ, ആലപ്പുഴ ജില്ലയിലെ അരൂർ എന്നീ മാർക്കറ്റുകൾ തെരഞ്ഞെടുത്ത് മത്സ്യഫെഡ് മുഖാന്തിരം നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ 65 മത്സ്യമാർക്കറ്റുകൾ വികസിപ്പിക്കുന്നതിന് 193.47 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകുകയും കിഫ്ബിയ്ക്ക് ഡി.പി.ആർ നൽകി അനുമതി നേടുന്നതിന് ശ്രമിച്ചു വരികയും ചെയ്യുന്നു.

ബി) തുറമുഖത്തു നിന്ന് വിപണിയിലേയ്ക്ക് എന്ന പദ്ധതിയുടെ ലക്ഷ്യത്തെക്കുറിച്ച് അറിയിക്കാമോ; മാർക്കറ്റുകളുടെ ആധുനികീകരണത്തിനും കോൾഡ് ചെയിൻ വിപുലീകരിച്ച് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപ്പാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

ബി) മത്സ്യഫെഡ് മുഖാന്തിരം ആവിഷ്കരിച്ച തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക് എന്ന പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും, മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും ഫിഷ് ലാൻറിംഗ് സെൻററുകളിൽ നിന്ന് നേരിട്ടും മത്സ്യം സംഭരിച്ച് വൃത്തിയാക്കി ഫിഷ് മാർട്ടുകൾ വഴി ന്യായവിലയ്ക്ക് കൃത്യഅളവിൽ നൽകുകയെന്നതാണ് ഈ ഫിഷ് സ്റ്റാളുകൾ വഴി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്ത് മത്സ്യഫെഡിന്റെ 41 ഫിഷ്മാർട്ടുകൾ പ്രവർത്തിപ്പിച്ചു വരുന്നതുകൂടാതെ തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക് എന്ന പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്ന് തന്നെ എത്തിക്കുന്നതിന് "അന്തിപ്പച്ച" എന്ന നാമധേയത്തിൽ തിരുവനന്തപുരത്ത് 2-ഉം, കൊല്ലം ശക്തികുളങ്ങര കോമൺ പ്രീപ്രോസസ്സിംഗ് സെന്റർ കേന്ദ്രീകരിച്ച് 3 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം

സ്ഥാപിച്ചു വരുന്ന മത്സ്യമാർക്കറ്റുകളിൽ മത്സ്യം കേടുകൂടാതെ സൂക്ഷിച്ച് വയ്ക്കുന്നതിനായി ചിൽ റൂം സംവിധാനം/ ഫ്രീസർ സംവിധാനം എന്നിവ ഉൾപ്പെടുത്തിയാണ് രൂപകൽപ്പന ചെയ്യുന്നത്.

സി) മൂല്യവർദ്ധിതോല്പന്നങ്ങൾ വിപണിയിലെത്തിച്ച് മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് മത്സ്യഫെഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

സി) മത്സ്യത്തിന്റെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ മത്സ്യഅച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ് എന്നിവ മത്സ്യഫെഡ് ഈറ്റ്സ്, മത്സ്യഫെഡ് ട്രീറ്റ്സ് എന്ന ബ്രാൻറിൽ മത്സ്യഫെഡ് വിപണിയിൽ എത്തിച്ചിട്ടുണ്ട്.

മത്സ്യഫെഡിന്റെ "റെഡി ടു കുക്ക്" ഉൽപ്പന്നങ്ങളായ ചിൽഡ് & ഡ്രസ്ഡ് മത്സ്യങ്ങൾ, മത്സ്യ സമോസ, മത്സ്യകട്ലറ്റ് എന്നിവ വിപണിയിൽ ഇറക്കിയിട്ടുണ്ട്. കൂടാതെ "റെഡി റ്റു ഈറ്റ്" ഉൽപ്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, നെത്തോലി പീര, മത്തി പീര, ചെമ്മീൻ റോസ്റ്റ്, ഫിഷ് ഫ്രൈ മസാല, ചില്ലി ഫിഷ് കറിക്കൂട്ട്, തേങ്ങ ചേർത്ത മത്സ്യക്കറിക്കൂട്ട് എന്നിവയും "മത്സ്യഫെഡ് ഈറ്റ്സ്" & "മത്സ്യഫെഡ് ട്രീറ്റ്സ്" എന്ന പേരിൽ വിപണിയിലെത്തിച്ചിട്ടുണ്ട്. പ്രസ്തുത ഉല്പന്നങ്ങളുടെ വിപണനത്തിന് ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ശീതീകരിച്ച മത്സ്യത്തിന്റെയും, ചെമ്മീൻ തോടിൽ നിന്നുള്ള കൈറ്റോൺ ഗുളികകളും മത്സ്യഫെഡ് ഫിഷ്മാർട്ട് വഴി വിപണനം നടത്തി വരുന്നു.

**സെക്ഷൻ ആഫീസർ**